ഒറ്റപ്പാലം കുടിവെള്ള പദ്ധതി

98 [1035] *ശ്രീ. വി. സി. കബീർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ആരംഭിച്ച കുടിവെള്ള പദ്ധതിയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുടെ പൂർത്തിയായ ഘട്ടം വരെ ഭാഗികമായി കമ്മീഷൻ ചെയ്യുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അത് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയുടെ നിർമ്മാണം പൂർത്തിയാക്കി എന്ന് കമ്മീഷൻ ചെയ്യുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൂട്ടിലമുക്കിൽ കിണറോടുകൂടിയ പമ്പ്ഹൗസ്, 5.42 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂഗർഭ സംഭരണി, മേഖല 4-ലേക്കുള്ള ബൂസ്റ്റർ പമ്പ് ഹൗസ്, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, 4 കി. മീ. വിതരണ ശൃംഖല എന്നിവ പൂർത്തീകരിച്ചു. മേഖല I, III എന്നിവയിലേക്കുള്ള സംഭരണികളും 40 കി. മീ. വിതരണ ശൃംഖലയും നിലവിലുണ്ട്. രണ്ടാം മേഖലയിലെ 16.05 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല സംഭരണി പ്രവർത്തി ആരംഭിച്ചു. മേഖല 4-ലേക്കുള്ള 18.05 ലക്ഷം ലിറ്റർ ഭൂതല സംഭരണി 80% പൂർത്തിയായി. ശുദ്ധീകരണശാലയുടെ NIT തയ്യാറാക്കിവരുന്നു. റോ വാട്ടർ പമ്പിംഗ് മെയിൻ, മേഖല 1 ലേക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എസ്റ്റിമേറ്റ് സൂക്ഷ്മപരിശോധനയിലാണ്. മേഖല III ലേക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ ടെണ്ടർ സൂക്ഷ്മപരിശോധന നടത്തിവരുന്നു.

(ബി) ഉണ്ട്. തടയണ, ശുദ്ധീകരണശാല എന്നിവയുടെ നിർമ്മാണത്തിനുള്ള കാലതാമസം പരിഗണിച്ച് പദ്ധതിയുടെ ഉറവിടമായ ഭാരതപ്പുഴയിൽ ഇൻഫിൽട്രേഷൻ ഗ്യാലറി നിർമ്മിച്ച് പദ്ധതി ഭാഗികമായി പ്രവർത്തനക്ഷമമാക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് 2006 മാർച്ചിൽ ഭാഗികമായി പ്രവർത്തനക്ഷമമാക്കാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly